(ബി) സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്തുകൾ പ്രസ്തുത ഇനത്തിൽ നൽകിയ എത്ര കോടി രൂപയുടെ ചെക്കുകൾ മാറുവാനായി ഇനിയും ബാക്കിയുണ്ട് ;

(സി) സംസ്ഥാന ജില്ലാപഞ്ചായത്തുകൾ പ്രസ്തുത ഇനത്തിൽ നൽകിയ എത്ര കോടി രൂപയുടെ ചെക്കുകൾ മാറ്റുവാനായി ബാക്കിയുണ്ട് ;

(ഡി) ഈ ത്രിതല പഞ്ചായത്തുകൾ ജനകീയാസൂത്രണ പദ്ധതിപ്രകാരം നൽകിയതും ഇനിയും മാറ്റുവാനായി ബാക്കിയുള്ളതുമായ ചെക്കുകളുടെ ആകെ തുക ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ

112 (510) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അരുവാപ്പുലം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി മുൻവർഷങ്ങളിൽ പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിനും മറ്റും നടത്തിയ പ്രവർത്തനങ്ങളിൽ അഴിമതി നടന്നതായ പരാതിയിൽ ഇതുവരെ സ്വീകരിച്ച നടപടികളെന്തെല്ലാം എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധിച്ച പരാതി എന്നാണ് ലഭിച്ചത് ;

(സി) ഇതിനെപ്പറ്റി അന്വേഷിക്കാൻ വിജിലൻസിനെ ഏൽപ്പിച്ചിരുന്നോ ; എങ്കിൽ എന്നാണ് വിജിലൻസ് അന്വേഷണത്തിന് ഉത്തരവായത് ;

(ഡി) വകുപ്പുതല അന്വേഷണവും വിജിലൻസ് അന്വേഷണവും പൂർത്തിയായി അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചതെന്നും ഇതിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ അരുവാപ്പുലം പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി മുൻവർഷങ്ങളിൽ പാവപ്പെട്ടവരുടെ വീട് വൈദ്യുതീകരിക്കുന്നതിനും മറ്റും നടത്തിയ പ്രവർത്തനങ്ങളിൽ അഴിമതി നടന്നതായ പരാതിയിൻമേൽ വിജിലൻസ് അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 4-8-1997-ൽ.

(സി) ഏൽപ്പിച്ചിരുന്നു. 28-1-1999-ൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവായിട്ടുണ്ട്.

(ഡി) അരുവാപ്പുലം പഞ്ചായത്തിലെ വിവിധ ക്രമക്കേടുകളെക്കുറിച്ച് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് വിജിലൻസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. വിജിലൻസ് അന്വേഷണം പൂർത്തിയായിട്ടില്ല. ധാരാളം സാക്ഷികളെ നേരിൽക്കണ്ട് മൊഴി രേഖപ്പെടുത്തേണ്ടതുള്ളതിനാലും രേഖകൾ കണ്ടെടുത്ത് പരിശോധിക്കേണ്ടതിനാലും അന്വേഷണം പൂർത്തിയാക്കാൻ സമയം ആവശ്യമാണ്. അന്വേഷണം വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വിജിലൻസ് വകുപ്പ് അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ പദ്ധതി

113 (511) ശ്രീ. കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഈ ഗവൺമെന്റിന്റെ ഭരണകാലത്ത് 'കുടുംബശ്രീ' പദ്ധതിപ്രകാരം ചെലവാക്കിയ തുകയുടെ വർഷം തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(ബി) കുടുംബശ്രീ പദ്ധതിക്കായി കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച കേന്ദ്ര സഹായം എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) കുടംബശ്രീ പദ്ധതി പ്രകാരം പാവപ്പെട്ട എത്ര സ്ത്രീകൾക്കാണ് സഹായം നൽകിയിരിക്കുന്നതെന്ന് ജില്ല തിരിച്ച് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ ഭരണകാലത്ത് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്ന കുടുംബശ്രീപദ്ധതി പ്രവർത്തനം ആരംഭിച്ചത് 10-4-1999 മുതലാണ്. ഈ പദ്ധതിയിൻ കീഴിൽ 99-2000 വർഷത്തിൽ 1,004.23 ലക്ഷം രൂപയും, 2000-2001 (31-1-2001 വരെ) 344.55 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കുടുംബശ്രീ പദ്ധതിക്കുവേണ്ടി പ്രത്യേക കേന്ദ്രസഹായമായി 1998-99, 1999-2000 വർഷങ്ങളിൽ 2,000 ലക്ഷം രൂപ വീതവും 2000-2001 വർഷം 1000 ലക്ഷം രൂപയും ലഭ്യമാക്കിയിട്ടുണ്ട്.

(സി) കുടുംബശ്രീ പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള വിവിധ പദ്ധതികളിൻ കീഴിൽ 31-1-2001 വരെ ആകെ 7806 വനിതകൾക്ക് സ്വയം തൊഴിൽ വായ്പ നൽകിയിട്ടുണ്ട്. ഇതിന്റെ ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം IX

LIBRARY ARCHIVES Kerala Legislative Assembly